(ബി) തൃശ്ശൂർ ജില്ലയിൽ പ്രസ്തുത കാലയളവിൽ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ;

(സി) ഇവയിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും നടപടികൾ പൂർത്തിയാക്കാനായി അവശേഷിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും വിശദമാക്കുമോ ;

(ഡി) സമയബന്ധിതമായി പ്രസ്തുത പദ്ധതികൾ ആരംഭിക്കുവാനും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 2012-13 സാമ്പത്തിക വർഷം പദ്ധതികൾക്കൊന്നും ഭരണാനുമതി ലഭിച്ചിട്ടില്ല. 2013-14 സാമ്പത്തിക വർഷം ഫേസ് എട്ടിൽ ഉൾപ്പെടുത്തി 415 റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. റോഡുകളുടെ പേര്, അനുവദിച്ച തുക എന്നിവ സംബന്ധിച്ച കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു. *

(സി) അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ഡി) സ്വീകരിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന

66 (1502) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എത്ര ഗ്രാമീണ റോഡുകളാണ് നിലവിലുള്ളത് ;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രവും സംസ്ഥാനവും എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മുഴുവൻ പ്രവൃത്തികൾക്കും സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി കരാർ ഉറപ്പിക്കുവാൻ കഴിയാത്ത പ്രവൃത്തികൾക്കെല്ലാംതന്നെ പി.എം.ജി.എസ്.വൈ. 2013 ഷെഡ്യൂൾ പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ.II നടപ്പിലാക്കുന്നതിനായി 14 ജില്ലകളുടെയും ജില്ലാതലത്തിലുള്ള ഗ്രാമീണ റോഡുകളുടെ പ്ലാൻ (DRRP) Map in GIS-Platform-ൽ തയ്യാറാക്കി കേന്ദ്രഗവൺമെന്റ് അംഗീകാരത്തിന് സമർപ്പിക്കുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയത് സമയബന്ധിതമായി പൂർത്തീകരിച്ച് കേന്ദ്രസർക്കാരിൽ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ. പ്രകാരം എല്ലാ ഘട്ടങ്ങളിലുമായി 1430 റോഡുകളാണ് നിലവിലുള്ളത്.

(സി) പി.എം.ജി.എസ്.വൈ. 100% കേന്ദ്രസഹായമുള്ള പദ്ധതിയാണ്. പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തീകരിച്ചശേഷം 5 വർഷത്തെ അറ്റകുറ്റ പണികൾക്കുള്ള ചെലവ് എന്നിവ സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെടുത്തി 570 കി.മീ. ദൈർഘ്യംവരുന്ന റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽനിന്നും നേടിയിട്ടുണ്ട്. 75:25 (75 കേന്ദ്രം 25 സംസ്ഥാനം) പിന്നോക്ക ജില്ലകൾക്ക് 90:10 എന്ന അനുപാതത്തിലാണ് ഈ പദ്ധതിക്ക് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നത്.

(ഡി) നിലവിലുള്ള റോഡുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രതിമാസ സംസ്ഥാനതല അവലോകന യോഗത്തിനുപുറമെ അതാത് ജില്ലകളിൽക്കൂടി പ്രതിമാസ അവലോകന യോഗം നടത്തുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ ചെയർമാനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റീജിയണൽ റിവ്യൂ മീറ്റിംഗുകളും സംസ്ഥാനതല മീറ്റിംഗുകളും നടത്തിവരുന്നു. പി.എം.ജി.എസ്.വൈ. പദ്ധതികളിലേക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികളുടെ മാർക്കറ്റ് വില നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.